# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ ജൂലൈ 2015)

Ph : 0490 2344430, E-mail : catechesistly@gmail.com

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
> (ലൂക്ക 2:52)

### 1. ആമുഖസെമിനാർ കാഞ്ഞങ്ങാട് റീജൻ  ജൂലൈ 17-19

കാഞ്ഞങ്ങാട് റീജനിലെ സൺഡേസ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ആമുഖസെമിനാർ ജൂലൈ 17,18,19 തീയതികളിലായി പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സെമിനാർ ജൂലൈ 17ന് രാവിലെ 10ന് ആരംഭിച്ച് 19ന്  രാവിലെ അവസാനിക്കുന്നു. ഫീസ് 350 രൂപ. പങ്കെടുക്കുന്നവരുടെ  എണ്ണം ജൂലൈ 10ന് മുൻപ് ഹെഡ്മാസ്റ്റർമാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം (0490 2344430). മറ്റ് ഫൊറോനകളിലെ അധ്യാപകർക്കും സെമിനാറിൽ സംബന്ധിക്കാൻ അവസരം ഉണ്ടായിരിക്കും. അവരും മുൻകൂട്ടി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 2. ദൈവശാസ്ത്ര കോഴ്സ് (Lumen Ecclesiae)

ദൈവശാസ്ത്രമേഖലകളിൽ അധ്യാപകരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ചിരിക്കുന്ന ദൈവശാസ്ത്രകോഴ്സിന്റെ ക്ലാസുകൾക്ക് ജൂൺ മാസത്തിൽ തുടക്കം കുറിച്ചു. ഈ വർഷം പഠനം തുടങ്ങാൻ ആഗ്രഹിക്കുന്നവർ ജൂലൈ 10നകം അവരുടെ പേരുകൾ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതും രണ്ടാം വർഷ പഠനാർത്ഥികളുടെകൂടെ ക്ലാസ്സുകളിൽ  സംബന്ധിക്കേണ്ടതുമാണ്.

### 3. ആസ്പെക്ട്

2015-2016 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി പഠിക്കാനുള്ളത് റവ. ഡോ. ആന്റണി തറേക്കടവിൽ എഴുതിയ 'പ്രവാചകരുടെ പാതയിൽ' എന്ന ദൈവശാസ്ത്രഗ്രന്ഥമാണ്. പ്രസ്തുത പുസ്തകം മുഴുവൻ അധ്യാപകർക്കും ബഹു. വികാരിയച്ചന്മാർ വാങ്ങിക്കൊടുക്കേണ്ടതാണ്. പുസ്തകത്തിന്റെ വില 60 രൂപയാണ്. ദൈവശാസ്ത്രകോഴ്സിലെ ഒരു പഠനഗ്രന്ഥവുമാണ്  ഈ പുസ്തകം.

NB: 2014-2015 അധ്യായനവർഷത്തിലെ ആസ്പെക്ട് പരീക്ഷയുടെ യോ പ്രബന്ധത്തിന്റേയോ മാർക്ക് ദൈവശാസ്ത്രകോഴ്സിലെ സെമിനാർപേപ്പർ മാർക്കായി ലഭിക്കാത്തവർ വിശ്വാസപരിശീലന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### 4. ഹാൻഡ് ബുക്ക്

പുതിയതായി ഈ വർഷം തയ്യാറാക്കിയിരിക്കുന്ന ഹാൻഡ് ബുക്ക് എല്ലാ അധ്യാപകരും  നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. ക്ലാസിലെ ഓരോ കുട്ടിയെക്കുറിച്ചും അധ്യാപകന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുവാനും കുട്ടിയെക്കുറിച്ച് വിലയിരുത്തൽ നടത്തുവാനും ഉപകരിക്കുന്ന വിധത്തിലാണ് ഹാൻഡ് ബുക്ക് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ പരീക്ഷാരീതികളെക്കുറിച്ചും ആഭ്യന്തര മൂല്യനിർണ്ണയത്തെക്കുറിച്ചും ഹാൻഡ് ബുക്കിൽ വിവരിച്ചിട്ടുണ്ട്.

### 5. മതബോധന കൗൺസിൽ /പി.ടി.എ

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 6. ഡി.വി.ഡി വീഡിയോ : ക്ലാസ് I-IV

കമ്പ്യൂട്ടറിന്റെ സഹായത്തോടെ ആകർഷകമായ രീതിയിൽ I മുതൽ  IV വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് സഹായിക്കുന്ന നാല് വീഡിയോ സിഡികൾ ഓഫീസിൽ ലഭ്യമാണ്. വില ഓരോന്നിനും 60 രൂപവീതം. എല്ലാ സൺഡേസ്കൂളുകളും പ്രസ്തുത സിഡികൾ വാങ്ങേണ്ടതാണ്.

### 7. അതിരൂപതാ സന്ദർശകരുടെ സമ്മേളനം ജൂലൈ 10

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 10ന് വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

### 8. ധ്യാനം : ക്ലാസ്  XII  (*TESTES DOMINI*) ജൂലൈ 17,18,19

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി  XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് *TESTES DOMINI* എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്.  ആദ്യത്തെ ധ്യാനം ജൂലൈ 17,18,19 തീയതികളിലായി **തളിപ്പറമ്പ്, ചെമ്പന്തൊട്ടി, മേരിഗിരി** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തു

ന്നു. 17ന് വെള്ളിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് 19ന് 1മണിക്ക് ധ്യാനം അവസാനിക്കുന്നതാണ്. ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലേയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാന ഫീസ് 400 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തേ അറിയിച്ച് ധ്യാനത്തിനായി അവരെ ഒരുക്കേണ്ടതാണ്. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തേണ്ടതാണ്.

### 9. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിനെക്കുറിച്ച് എല്ലാ അധ്യാപകരേയും കുട്ടികളേയും അറിയിക്കേണ്ടതാണ്. വെബ്സൈറ്റിൽ (catechismthalassery.org) എല്ലാ അധ്യാപകരുടെയും കുട്ടികളുടെയും പേരുവിവരങ്ങൾ ജൂലൈ 30നകം കൃത്യമായി ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. അടുത്തുള്ള ഹെഡ്മാസ്റ്റർമാരുടെയും അധ്യാപകരുടെയും സഹായം തേടാവുന്നതാണ്. പ്രോഗ്രസ് കാർഡിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ക്ലാസ് അധ്യാപകരെക്കൊണ്ട് പൂരിപ്പിച്ചാൽ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കാൻ എളുപ്പമാകും. ജനന-മാമ്മോദീസ തീയതികൾ കൃത്യമായും പേര്, വീട്ടുപേര് എന്നിവ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്.

### 10. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യായന വർഷം പുനഃക്രമീകരിക്കാൻ വേണ്ടി പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 11. ശ്രദ്ധിക്കുക

1. പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റു വിവരങ്ങളും രേഖാമൂലം ബന്ധപ്പെട്ടവർ ഓഫീസിൽ അറിയിക്കേണ്ടതാണ്.
2. അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനവുമായി കൊടുത്തിരിക്കുന്ന കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ നിർബന്ധമായും വായിക്കുമല്ലോ.
3. ഹെഡ്മാസ്റ്ററുടെ കോൺഫറൻസിൽ നല്കിയ സൺഡേസ്കൂൾ സർവ്വേ ഫോം കൃത്യമായി പൂരിപ്പിച്ച് ജൂലൈ 15നകം ഓഫീസിൽ ലഭിക്കുംവിധം അയച്ചുതരേണ്ടതാണ്.

### 12. നന്ദി

ജൂൺ 12,13 തീയതികളിൽ സന്ദേശഭവനിൽവച്ചു നടന്ന ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. 205 പേർ കോൺഫ്രൻസിൽ പങ്കെടുത്തു.

### 13. അഭിനന്ദനങ്ങൾ




പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ചകളിലും സൺഡേ ക്ലാസ്സുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ അനറ്റ് ടോം കണിവേലിൽ (വിളക്കന്നൂർ) അന്ന മരിയ ഉറുമ്പിൽ (ചെറുപാറ) എന്നീ കുട്ടികൾക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺ ഫ്രൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും 10,000 രൂപയുടെ ക്യാഷ് അവാർഡും നൽകി ആദരിച്ചു. സമ്മാനാർഹരായവർക്കും അവരുടെ മാതാപിതാക്കൾക്കും അധ്യാപകർക്കുംഅഭിനന്ദനങ്ങൾ.

### 14. ഡയറക്ടറച്ചന്റെ സന്ദർശനം

എടൂർ, പച്ചാണി, ഒറ്റത്തൈ, കൊട്ടോടി എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹത്തോടെ

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ